പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്

നം. 4028

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിശ്രമകേന്ദ്രവും ഡോർമിറ്ററിയും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | എം. എൽ. എ യുടെ ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കര ജില്ലാ ആശുപത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമകേന്ദ്രവും ഡോർമിറ്ററിയും ഉൾപ്പെടെയുള്ള കെട്ടിടം നിർമ്മിക്കുന്നതിനു തുക അനുവദിച്ചത് ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും ഹെൽത്ത് ഡയറക്ടർക്ക് ഫയൽ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) | ഈ പ്രവൃത്തിക്ക് ഹെൽത്ത് ഡയറക്ടർ 14/01/2014-ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | സി) & ഡി) | 14/01/2014-ന്, ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ, 15/01/2014-ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ, 31/01/2014-നും തുടർന്ന് 04/03/2014-നും ടി എസ്റ്റിമേറ്റ് സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ട് സഹിതം നൽകുന്നതിനായി ജില്ല മെഡിക്കൽ ആഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ഇതു വരെ സർക്കാരിൽ ലഭ്യമായിട്ടില്ല |
| ഡി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ